**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3267** **08-10-2025 - ൽ മറുപടിയ്ക്ക്**

**വയനാട് തുരങ്കപാതയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജനതയുടെ ഏറെക്കാലത്തെ ആഗ്രഹമായ തുരങ്കപാതയുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | പദ്ധതിക്ക് ആവശ്യമായ സ്വകാര്യ ഭൂമിയുടെ 90% ഉം സർക്കാർ ഏറ്റെടുത്ത് കൊങ്കൺ റെയിൽവേ കോർപ്പറേഷന് കൈമാറുകയും തുടർന്ന് തുരങ്ക നിർമ്മാണ പ്രവൃത്തി M/s. Dilip Buildcon Limited ന് നൽകുകയും ചെയ്തിട്ടുണ്ട്. തുരങ്കപാതാ പ്രവൃത്തി ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തുരങ്കപാതയുടെ നിർമ്മാണം ഏറ്റവും സുരക്ഷിതമായി പൂർത്തീകരിക്കുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യ ഇതിനായി ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | വിഭിന്നമായ ഭൂമിശാസ്ത്ര സവിശേഷതകൾക്കുതകുന്ന New Austrian Tunneling Method (NATM) അഥവാ Sequential Excavation Method (SEM) എന്ന ടെക്നോളജിയാണ് തുരങ്ക നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. NATM ടെക്നോളജി ഭൂതലഭ്രംശം ലഘൂകരിക്കുന്നതിനാൽ ഇതിന്റെ പാരിസ്ഥിതികാഘാതം മറ്റ് ടെക്നോളജികളെ അപേക്ഷിച്ച് കുറവാണ്. ലോകത്തെമ്പാടും ഉപയോഗിക്കുന്ന NATM ടെക്നോളജി തുരങ്ക നിർമ്മാണത്തിന് വളരെയധികം കാര്യക്ഷമമാണ്. |
| (സി) | നിർദിഷ്ട തുരങ്കപാതയുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | State Environment Impact Assessment Authority (SEIAA) യുടെ കീഴിലുള്ള State Expert Appraisal Committee (SEAC) യും Ministry of Environment and Climate Change (MoEFCC) യുടെ കീഴിലുള്ള Expert Appraisal Committee (EAC) യും തുരങ്കപാതയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ വിശദമായി വിലയിരുത്തിയിട്ടുണ്ട് . ചർച്ചകൾക്കും വിശകലനങ്ങൾക്കുമൊടുവിൽ തുരങ്കപാത നിർമ്മാണത്തിൽ പാലിക്കേണ്ട 88 പ്രത്യേക നിബന്ധനകളോട് കൂടി MoEFCC ഈ പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | വയനാട് തുരങ്കപാതയുടെ പൂർത്തീകരണത്തോടെ മലബാറിലെ വിനോദസഞ്ചാര മേഖലയിലുണ്ടാകുന്ന | (ഡി) | കൃഷി, ടൂറിസം എന്നീ മേഖലകൾക്ക് ഉത്തേജനമേകുന്നതാണ് ഈ പദ്ധതി. മലബാർ |

| | | | |
|---|---|---|---|
| | കുതിച്ചുചാട്ടം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | | മേഖലയിൽ കൂടുതൽ നിക്ഷേപത്തിനും വ്യവസായത്തിനും വഴിയൊരുക്കുന്നതിനോടൊപ്പം ഈ പദ്ധതി പ്രത്യക്ഷമായും പരോക്ഷമായും ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകും. വയനാടിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ, പഴം, പച്ചക്കറി എന്നിവയുടെ കയറ്റുമതിക്ക് ഈ തുരങ്കപാത വഴിയുള്ള ചരക്ക് നീക്കം ഉണർവ്വേകും. എല്ലാ കാലാവസ്ഥയിലും വിനോദ സഞ്ചാരികളുടെ സുരക്ഷിതയാത്ര ഉറപ്പ് നൽകുന്ന ഈ തുരങ്ക പാത വിനോദ സഞ്ചാര മേഖലയ്ക്കും വാണിജ്യ മേഖലയ്ക്കും ഉത്തേജനമേകും. |

സെക്ഷൻ ഓഫീസർ